## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2966 — 22.06.2012 ൽ മറുപടിയ്ക്ക്

## സമഗ്ര കാർഷിക ഇൻഷ്വറൻസ് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ. കെ. ബാലൻ<br>,, എളമരം കരീം<br>,, കെ. വി. അബ്ദുൾഖാദർ<br>,, ബി. സത്യൻ | ശ്രീ. കെ.പി. മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും,സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| **(എ)** സംസ്ഥാനത്ത് സർക്കാർ രൂപീകരിച്ച സമഗ്ര കാർഷിക ഇൻഷ്വറൻസ് പദ്ധതി തയ്യാറാക്കുന്നതിന് ഏത് കേന്ദ്ര ഏജൻസിയെയാണ് ഏല്പിച്ചിരിക്കുന്നത്; | **(എ)** ഏജൻസിയെ തീരുമാനിക്കുന്ന കാര്യം പരിശോധിച്ച് വരുന്നു. |
| **(ബി)** പ്രസ്തുത കേന്ദ്ര ഏജൻസിയുടെ നിർദ്ദേശങ്ങൾ സർക്കാരിന് ലഭിച്ചുവോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; ഈ നിർദ്ദേശങ്ങളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | **(ബി) യും (സി) യും** 17.3.2012 ലെ ജി.ഒ (എം.എസ്) നം.55/2012/കൃഷി നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കേരളത്തിലെ കാർഷിക മേഖലയിൽ ഒരു സമഗ്ര കാർഷിക വിള ഇൻഷ്വറൻസ് പദ്ധതി രൂപീകരിക്കുന്നതിനായി കേന്ദ്ര സർക്കാർ പാനലിൽ ഉൾപ്പെട്ട ഒരു ഏജൻസിയെ നിയോഗിക്കുന്നതിനും ആയതിന്മേൽ അനന്തര നടപടികൾ സ്വീകരിയ്ക്കുന്നതിനുമായി കൃഷി ഡയറക്ടറെ നിയോഗിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ച് എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് ക്ഷണിക്കുകയും ആയത് പരിശോധിച്ച് വരുകയും ചെയ്യുന്നു. |
| **(സി)** പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് കാർഷിക ഇൻഷ്വറൻസ് കമ്പനികൾ മുന്നോട്ടുവച്ച നിർദ്ദേശങ്ങളിൽ സർക്കാർ തുടർനടപടികൾ സ്വീകരിച്ചുവോ; വിശദാംശങ്ങൾ നൽകുമോ; | |
| (ഡി) ഈ പദ്ധതിയ്ക്ക് നടപ്പ് സാമ്പത്തിക വർഷം എത്ര തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ? | (ഡി) ഈ പദ്ധതിയ്ക്ക് ഈ സാമ്പത്തിക വർഷം പ്രത്യേകമായി തുകയൊന്നും ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ല. എന്നാൽ നിലവിലുള്ള എല്ലാ വിള ഇൻഷ്വറൻസ് പദ്ധതികൾക്കുമായി 920 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ